ഉത്തരം

(എ-സി) പഞ്ചായത്തിൽ ഒരു കളം പദ്ധതി പ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിൽ നവീകരണ പ്രവൃത്തികൾ ഒന്നുംതന്നെയില്ല. എന്നാൽ ആലത്തൂർ നിയോജകമണ്ഡലത്തിലെ കിഴക്കഞ്ചേരി പഞ്ചായത്തിലെ കാട്ടുകളങ്ങര ക്ഷേത്രക്കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി RRR Scheme-ൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റി

162(2631) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ ഏതെങ്കിലും ശുദ്ധീകരണ ശാലകളിൽ അൾട്രാസൈറ്റ് ഫിൽട്ടർ ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ എവിടെ ; പ്രസ്തുത ഫിൽട്ടറിന്റെ നിർമ്മാണത്തിന് എത്ര രൂക ചെലവാക്കിയെന്നും തുടർ പരിപാലന ചെലവ് എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ജലശുദ്ധീകരണത്തിന് മണൽ, അൾട്രാസൈറ്റ് എന്നിവയുടെ കാര്യക്ഷമതയെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ദക്ഷിണ മേഖലയുടെ പരിധിയിൽ അട്ടർ ചിരാണിക്കൽ 12.38 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയിൽ അൾട്രാസൈറ്റ് ഫിൽട്ടർ ഉപയോഗിക്കുന്നുണ്ട്. പ്രസ്തുത ഫിൽട്ടറിന്റെ നിർമ്മാണത്തിന് 43.09 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. തുടർ പരിപാലനത്തിന് സാധാരണ ട്രീറ്റ്മെന്റ് പ്ലാന്റുകളിലുള്ളതിന് സമാനമായ ചെലവുകൾ മാത്രമേ വരുന്നുള്ളൂ. 2009 മുതൽ ഇതുവരെ ഫിൽട്ടർ മീഡിയ മാറ്റേണ്ടിവന്നിട്ടില്ലാത്തതിനാൽ പ്രവർത്തിപ്പിക്കാനുള്ള ചെലവുകൾ മാത്രമേ വന്നിട്ടുള്ളൂ.

(ബി) ജല അതോറിറ്റി നിയോഗിച്ച ഒരു കമ്മിറ്റി പഠനം നടത്തിയിട്ടുണ്ട്. ജല അതോറിറ്റിയുടെ 15-9-2009-ലെ 326-ാമത് യോഗതീരുമാന പ്രകാരം കൽക്കട്ടയിലെ AIIH & PH-ലെ മുൻഡയറക്ടർ പ്രൊഫ. മജുംദാറിന്റെ നേതൃത്വത്തിൽ ഒരു സാങ്കേതിക കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. വിശദമായ ചെലവ് - നേട്ടം (കോസ്റ്റ് ബെനിഫിറ്റ്) തയ്യാറാക്കി വിശകലനം ചെയ്യുകയും, അൾട്രാസൈറ്റിന്റെ ലഭ്യതയും ഉറപ്പാക്കിയിട്ട് മാത്രമേ നിലവിലുള്ള പദ്ധതികളിൽ ഇത് സ്ഥാപിക്കാൻ കഴിയുകയുള്ളൂ. കൂടാതെ കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം രണ്ട് പുതിയ പ്രോജക്ടുകളിൽ (മാള ജലനിധി പദ്ധതി, കാസർഗോഡ് ഗവൺമെന്റ് ആശുപത്രി എന്നിവിടങ്ങളിൽ) അൾട്രാസൈറ്റ് ഫിൽട്ടർ ഉപയോഗിക്കാൻ കേരള ജല അതോറിറ്റിയുടെ 25-7-2013-ലെ 363-ാമത് യോഗതീരുമാന പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly